**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1946** **20-06-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ ഗവൺമെന്റ് മാനദേവൻ സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് എന്ന പദ്ധതിയിൽ ഇനിയും നടപ്പാക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്താണെന്നും എവിടെയാണ് ഈ തടസ്സങ്ങൾ നിലനിക്കുന്നതെന്നും അറിയിക്കാമോ; | (എ) | നിലമ്പൂർ ഗവൺമെന്റ് മാനവേദൻ സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് എന്ന പദ്ധതിയിൽ നിലവിൽ സ്വിമ്മിംഗ് പൂൾ, ചെയ്ഞ്ച് റൂം എന്നീ പ്രവൃത്തികളാണ് ആരംഭിയ്ക്കാനുള്ളത്. 15.05.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 17.26 കോടി രൂപയ്ക്ക് ഭരണാനുമതി നല്കി, കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട നിലമ്പൂർ മിനി സ്റ്റേഡിയം നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി M/s. കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. M/s. കിറ്റ്കോ മുഖാന്തിരം ആദ്യഘട്ടം എന്ന നിലയിൽ നാചറൽ ഫുട്ബോൾ ടർഫ്, ഇൻഡോർ ട്രെയിനിംഗ് സെന്റർ, പവലിയൻ ബിൽഡിംഗ് കം അമിനിറ്റി സെന്റർ എന്നീ ഘടകങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ എസ് പി. വി യായ M/s. കിറ്റ്കോ പരിശീലന നീന്തൽക്കുളവും അതിന്റെ അനുബന്ധ ഘടകങ്ങളും നിർമ്മിക്കുവാൻ ആരംഭിച്ചില്ല. 14.10.2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.267/2022/ എസ്&വൈഎ പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷനെ പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിനുള്ള എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ മുൻ എസ്.പി.വി-യായ M/s. കിറ്റ്കോയിൽ നിന്നും ലഭിച്ചിരുന്നില്ല. തുടർന്ന് 24.04.2024 ന് കായിക യുവജനകാര്യ ഡയറക്ടറുടെ അദ്ധ്യക്ഷതയിലും 08.05.2024 ന് ബഹു കായിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ചേർന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ, ഫോർ ക്ലോഷർ എഗ്രിമെന്റ്, പൂർത്തിയായ വർക്കുകളുടെ മെഷർമെന്റ് ബുക്കുകളുടെ പകർപ്പ്, ശേഷിക്കുന്ന പ്രവൃത്തികളുടെ ഡ്രോയിംഗ്സ് എന്നിവ M/s.കിറ്റ്കോ |

| | | | |
|---|---|---|---|
| | | | സ്പോർട്സ് കേരള ഫൗണ്ടേഷന് 15.05.2024-ന് കൈമാറി നല്കിയിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികളുമായി മുന്നോട്ട് പോകുന്നതിന്, പൂർത്തിയാക്കിയ പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകയുടെ വിശദാംശങ്ങൾ M/s. കിറ്റ്കോയിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് 20.05.2024-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ശേഷിക്കുന്ന ഡോക്യുമെന്റുകൾ എല്ലാംതന്നെ M/s.കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറി നല്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ശേഷിക്കുന്ന പ്രവൃത്തികളുടെ ഡി പി ആർ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ വിവിധ പ്രവൃത്തികൾക്ക് ചെലവഴിച്ചതിനുശേഷം നിലവിൽ എത്ര തുക നീക്കിയിരുപ്പുണ്ടെന്ന് അറിയിക്കാമോ; ഈ തുക കിഫ്ബി വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലെക്സിനുവേണ്ടി ലഭിച്ച സാങ്കേതിക അനുമതി തുക Rs.18,29,87,166/- ആണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സിന്തറ്റിക് ട്രാക്കിന്റെ പ്രവർത്തികൾ കിറ്റ്കോ പൂർത്തിയാക്കിയിട്ടുള്ളതും, ഇതുവരെ ചെയ്തിട്ടുള്ള സിവിൽ വർക്കിന്റെയും സിന്തറ്റിക് ട്രാക്ക് വർക്കിന്റെയും ഫൈനൽ ബില്ലുകൾ KIIFB - PFMS ൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ഫൈനൽ ബിൽ തുകകൾ യഥാക്രമം Rs.9,13,85,475.79, Rs. 4,76,05,483.60 എന്നിങ്ങനെയാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായിരുന്ന കിറ്റ്കോയെ മാറ്റി പുതിയ നിർവ്വഹണ ഏജൻസിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഫയലുകളും മറ്റ് വിവരങ്ങളും കിറ്റ്കോയിൽ നിന്നും പുതിയ ഏജൻസിയ്ക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 14.10.2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.267/2022/എസ്&വൈഎ പ്രകാരം പുതിയ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികളുടെ ഡ്രോയിംഗ്സും, പൂർത്തിയാക്കിയ പ്രവൃത്തിയുടെ ഫോർ ക്ലോഷർ എഗ്രിമെന്റും, മെഷർമെന്റ് ബുക്കുകളുടെ പകർപ്പും M/s.കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് 15.05.2024 ന് കൈമാറി നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 20.05.2024- ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ശേഷിക്കുന്ന ഡോക്യുമെന്റുകൾ എല്ലാംതന്നെ M/s.കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറി നല്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയിലുൾപ്പെട്ട മൾട്ടി പർപ്പസ് ഇൻഡോർ കോർട്ട്, പരിശീലന നീന്തൽക്കുളം എന്നീ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ; ഇതിന്റെ ഫയൽ | (ഡി) | നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയിൽ ഉൾപ്പെട്ട മൾട്ടി പർപ്പസ് കോർട്ടിന്റെ നിർമ്മാണം മുൻ എസ്.പി.വി ആയ M/s.കിറ്റ്കോ 2021-ൽ പൂർത്തീകരിച്ചതാണ്. പരിശീലന നീന്തൽക്കുളത്തിന്റെ ഡി.പി.ആർ നിലവിലെ എസ്.പി.വി.യായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കി |

| | | | |
|---|---|---|---|
| | എവിടയൊണെന്നും ഫയൽ നമ്പർ എത്രയെന്നും അറിയിക്കാമോ? | | വരികയാണ്. നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതി സംബന്ധിച്ച കായിക യുവജന കാര്യാലയത്തിലെ ഫയൽ നമ്പർ A1-6920/22/DSYA ആണ്. |

സെക്ഷൻ ഓഫീസർ